**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3282** **10-12-2018 ൽ മറുപടിക്ക്**

**ഭൂമി കയ്യേറ്റ കേസുകൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ.വി.കെ. ഇബ്രാഹിംകുഞ്ഞ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ രണ്ട് വർഷത്തിനിടെ റിപ്പോർട്ടുചെയ്ത ഭൂമി കയ്യേറ്റ കേസുകളിൽ ഒഴിപ്പിക്കൽ നടപടികൾ എത്രമാത്രം പൂർത്തിയായിട്ടുണ്ട്; വിശദമാക്കാമോ; | (എ) സർക്കാർ ഭൂമിയിലെ റിപ്പോർട്ട് ചെയ്യപ്പെട്ട കയ്യേറ്റ കേസുകളിൽ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികൾ സ്വീകരിച്ച് വരുന്നു. കഴിഞ്ഞ രണ്ട് വർഷത്തിനിടെ 2537 കയ്യേറ്റ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതിൽ 665 കേസുകൾ ഒഴിപ്പിച്ചെടുത്തിട്ടുള്ളതാണ്. ബാക്കി വരുന്ന കയ്യേറ്റങ്ങൾ പൂർണ്ണമായി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഇപ്രകാരം കഴിഞ്ഞ രണ്ട് വർഷത്തിനിടെ സർക്കാർ തിരിച്ചുപിടിച്ച ഭൂമി എത്രയെന്ന് ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ നൽകാമോ; | (ബി) |

| **ജില്ല** | **ഒഴിപ്പിച്ചെടുത്ത വിസ്തീർണ്ണം (ഹെക്ടർ)** |
|---|---|
| തിരുവനന്തപുരം | 4.7167 |
| കൊല്ലം | 1.1584 |
| പത്തനംതിട്ട | 1.5436 |
| ആലപ്പുഴ | 2.2204 |
| കോട്ടയം | 0.1235 |
| ഇടുക്കി | 179.6952 |
| എറണാകുളം | 6.1594 |
| തൃശ്ശൂർ | 5.44 |
| പാലക്കാട് | 3.8947 |
| മലപ്പുറം | 2.3090 |
| കോഴിക്കോട് | 0.3208 |
| വയനാട് | 1.3882 |
| കണ്ണൂർ | 0.3028 |
| കാസർഗോഡ് | 0.0879 |
| **ആകെ** | **213.6762** |

| | |
|---|---|
| (സി) ഭൂമി കയ്യേറ്റം ബോദ്ധ്യപ്പെട്ടാൽ സ്വീകരിക്കുന്ന നിയമ നടപടികൾ വ്യക്തമാക്കാമോ; ഏതെങ്കിലും കയ്യേറ്റങ്ങൾ ഒഴിപ്പിക്കേണ്ടെന്ന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; ആയതിന്റെ വിവരങ്ങൾ നൽകുമോ? | (സി) അനധികൃത കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ ഇടുക്കി ജില്ലയിൽ കെ.ഡി.എച്ച് വില്ലേജിൽ 1971 ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ) നിയമപ്രകാരവും മറ്റു ജില്ലകളിലെല്ലാം കേരള ഭൂസംരക്ഷണ നിയമം 1957, ഭൂസംരക്ഷണ ചട്ടം 1958, കേരള ഭൂസംരക്ഷണ ഭേദഗതി നിയമം 2009 പ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലും കയ്യേറ്റങ്ങൾ ഒഴിപ്പിക്കേണ്ടെന്ന് സർക്കാർ തീരുമാനം എടുത്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**